File No.SJD/701/2022-E1

**വിവരാവകാശം/മറുപടി**

സാമൂഹ്യനീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ, തിരുവനന്തപുരം
തീയതി :07/03/2022
Email - swdkerala@gmail.com
Phone - 0471 - 2306040

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
സാമൂഹ്യ നീതി ഡയറക്ടറേറ്റ്,
തിരുവനന്തപുരം.

Adv.Aswinkumar.M.J
Attorneys Alliance Law Firm
2nd Floor CHUNDANAL MONARCH BUILDING
K K Padmanabhan Road
Kochi-682018
Ernakulam
Phone No.9821769483

സർ,

വിഷയം:- സാമൂഹ്യ നീതി വകുപ്പ് - വിവരാവകാശ നിയമം 2005 - അഡ്വ.അശ്വിൻകുമാർ.എം.ജെ സമർപ്പിച്ച അപേക്ഷയ്ക്ക് മറുപടി നൽകുന്നത് - സംബന്ധിച്ച്.

സൂചന :- 10/2/2022-ൽ ഈ കാര്യാലയത്തിൽ ലഭ്യമായ അഡ്വ.അശ്വിൻകുമാർ.എം.ജെ-യുടെ 7/02/2022 തീയതിയിലെ അപേക്ഷ.

താങ്കൾ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരിക്കുന്ന വിവരം ചുവടെ ചേർക്കുന്നു.

1.ഒന്നാം ഗസ്റ്റഡ് കേഡർ

| തസ്തിക | എണ്ണം | ശമ്പള സ്കെയിൽ | പ്രൊമോഷൻ തസ്തിക |
|---|---|---|---|
| പ്രൊബേഷൻ ഓഫീസർ ഗ്രേഡ്-I | 17 | (55200-115300) | ജില്ല സാമൂഹ്യനീതി ഓഫീസർ |
| സീനിയർ സൂപ്രണ്ട് | 18 | (51400-110300) | ജില്ല സാമൂഹ്യനീതി ഓഫീസർ |
| ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ്-I | 20 | (50200-105300) | ജില്ല സാമൂഹ്യനീതി ഓഫീസർ |

2.രണ്ടാം ഗസ്റ്റഡ് കേഡർ

| തസ്തിക | എണ്ണം | ശമ്പള സ്കെയിൽ | പ്രൊമോഷൻ തസ്തിക |
|---|---|---|---|
| ജില്ല സാമൂഹ്യനീതി ഓഫീസർ | 14 | (56500-118100) | അസിസ്റ്റന്റ് ഡയറക്ടർ |

3.മൂന്നാം ഗസ്റ്റഡ് കേഡർ

| തസ്തിക | എണ്ണം | ശമ്പള സ്കെയിൽ | പ്രൊമോഷൻ തസ്തിക |
|---|---|---|---|
| അസിസ്റ്റന്റ് ഡയറക്ടർ | 3 | (59300- 120900) | ജോയിന്റ് ഡയറക്ടർ |

| | | | |
|---|---|---|---|
| | | | |

4.നാലാം ഗസ്റ്റഡ് കേഡർ

| തസ്തിക | എണ്ണം | ശമ്പള സ്കെയിൽ | പ്രൊമോഷൻ തസ്തിക |
|---|---|---|---|
| ജോയിന്റ് ഡയറക്ടർ | 1 | (77200-140500) | അഡീഷണൽ ഡയറക്ടർ |

5.അഞ്ചാം ഗസ്റ്റഡ് കേഡർ

| തസ്തിക | എണ്ണം | ശമ്പള സ്കെയിൽ | പ്രൊമോഷൻ തസ്തിക |
|---|---|---|---|
| അഡീഷണൽ ഡയറക്ടർ | 1 | (95600-153200) | NIL |

6.ഒന്നാമത്തെയും രണ്ടാമത്തെയും ചോദ്യത്തിനു നൽകിയ മറുപടിയിൽ ഉദ്യോഗക്കയറ്റ തസ്തിക സംബന്ധിച്ച് വിവരം വ്യക്തമാക്കിയിട്ടുണ്ട്.

7.a.സാമൂഹ്യനീതി വകുപ്പിൽ ജില്ല സാമൂഹ്യനീതി ഓഫീസർ തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന 5 ജീവനക്കാർക്ക് അസിസ്റ്റന്റ് ഡയറക്ടറായി ഉദ്യോഗക്കയറ്റം അനുവദിച്ചത് മൂലം 1/3/2018-ൽ ജില്ല സാമൂഹ്യനീതി ഓഫീസർ തസ്തികയിൽ അഞ്ച് ഒഴിവ് നിലവിൽ വന്നു.

b.തിരുവനന്തപുരം ജില്ല സാമൂഹ്യനീതി ഓഫീസർ ശ്രീ.രാജൻ.എൽ സേവനത്തിൽ നിന്നും 31/5/2018 -ൽ വിരമിച്ചത് മൂലം ജില്ല സാമൂഹ്യനീതി ഓഫീസർ തസ്തികയിൽ ഒരു ഒഴിവ് നിലവിൽ വന്നു.

c.സാമൂഹ്യനീതി വകുപ്പിൽ ജില്ല സാമൂഹ്യനീതി ഓഫീസർ തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന 10 ജീവനക്കാരെ പുതുതായി രൂപികരിച്ച വനിതാ ശിശു വികസന വകുപ്പിലെ ജില്ല വനിതാ ശിശു വികസന ഓഫീസർ തസ്തികയിൽ താൽക്കാലികമായി മാറ്റി നിയമിക്കുകയുണ്ടായി. ഇതിനെ തുടർന്ന് സാമൂഹ്യനീതി വകുപ്പിൽ 25/10/2018-ൽ ജില്ല സാമൂഹ്യനീതി ഓഫീസറുടെ 10 തസ്തികകളിൽ ഒഴിവ് നിലവിൽ വന്നു.

d.കണ്ണൂർ ജില്ല സാമൂഹ്യനീതി ഓഫീസർ ശ്രീ.രാജീവൻ.കെ LPR- ൽ പ്രവേശിച്ചത് മൂലം 1/2/2019 ൽ ജില്ല സാമൂഹ്യനീതി ഓഫീസർ തസ്തികയിൽ ഒരു ഒഴിവ് നിലവിൽ വന്നു.

e.കോട്ടയം ജില്ല സാമൂഹ്യനീതി ഓഫീസർ ശ്രീ.എം.എം.മോഹൻദാസ് 1/12/2019 ൽ LPR-ൽ പ്രവേശിച്ചത് മൂലം ജില്ല സാമൂഹ്യനീതി ഓഫീസർ തസ്തികയിൽ ഒരു ഒഴിവ് നിലവിൽ വന്നു.

f.ആലപ്പുഴ ജില്ല സാമൂഹ്യനീതി ഓഫീസർ ശ്രീ.സാബുജോസഫ്.എ.ജെ 4/5/2020 ൽ LPR-ൽ പ്രവേശിച്ചത് മൂലം ജില്ല സാമൂഹ്യനീതി ഓഫീസർ തസ്തികയിൽ ഒരു ഒഴിവ് നിലവിൽ വന്നു.

g.കണ്ണൂർ ജില്ല സാമൂഹ്യനീതി ഓഫീസർ ശ്രീ.പവിത്രൻ തൈക്കണ്ടിയ്ക്ക് അസിസ്റ്റന്റ് ഡയറക്ടറായി ഉദ്യോഗക്കയറ്റം അനുവദിച്ചത് മൂലം 14/2/2021-ൽ ജില്ല സാമൂഹ്യനീതി ഓഫീസർ തസ്തികയിൽ ഒരു ഒഴിവ് നിലവിൽ വന്നു.

h.കോട്ടയം ജില്ല സാമൂഹ്യനീതി ഓഫീസർ ശ്രീ .ചന്ദ്രബോസ്.പി.പി 30/4/2021 ൽ സേവനത്തിൽ നിന്നും വിരമിച്ചത് മൂലം ജില്ല സാമൂഹ്യനീതി ഓഫീസർ തസ്തികയിൽ ഒരു ഒഴിവ് നിലവിൽ വന്നു.

i.കോട്ടയം ജില്ല സാമൂഹ്യനീതി ഓഫീസർ ശ്രീ .പി.പി.നാരായണൻ 31/5/2021 ൽ സേവനത്തിൽ നിന്നും വിരമിച്ചത് മൂലം ജില്ല സാമൂഹ്യനീതി ഓഫീസർ തസ്തികയിൽ ഒരു ഒഴിവ് നിലവിൽ വന്നു.

j.എറണാകുളം ജില്ല സാമൂഹ്യനീതി ഓഫീസർ ശ്രീ.സുബൈർ.കെ.കെയ്ക്ക് KAS-ൽ നിയമനം ലഭിക്കുകയും ജീവനക്കാരനെ സേവനത്തിൽ നിന്നും 21/12/2021 ൽ വിടുതൽ ചെയ്തത് മൂലം ജില്ല സാമൂഹ്യനീതി ഓഫീസർ തസ്തികയിൽ ഒരു ഒഴിവ് നിലവിൽ വന്നു.

k.മലപ്പുറം ജില്ല സാമൂഹ്യനീതി ഓഫീസർ ശ്രീ .കെ.കെ.കൃഷ്ണമൂർത്തിയ്ക്ക് അസിസ്റ്റന്റ് ഡയറക്ടറായി ഉദ്യോഗക്കയറ്റം അനുവദിച്ചത് മൂലം 25/1/2022-ൽ ജില്ല സാമൂഹ്യനീതി ഓഫീസർ തസ്തികയിൽ ഒരു ഒഴിവ് നിലവിൽ വന്നു.

8. ജില്ല സാമൂഹ്യനീതി ഓഫീസർ-1, നിലവിലെ KAS സ്പെഷ്യൽ റൂൾ അടിസ്ഥാനപ്പെടുത്തി

സർക്കാരിലേയ്ക്ക് ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിനായി 1/1/2018 ന് ശേഷം നാളിതു വരെയും പുതുതായി സാമൂഹ്യനീതി വകുപ്പിൽ തസ്തികകൾ ഒന്നും തന്നെ സൃഷ്ടിയ്ക്കപ്പെട്ടിട്ടില്ല.

9.അന്യത്ര സേവനം മുഖേന നിയമിക്കേണ്ടതായ തസ്തികകൾ ഒന്നും തന്നെ സാമൂഹ്യനീതി വകുപ്പിൽ നിലവിൽ ഇല്ല.

10.സാമൂഹ്യനീതി വകുപ്പിൽ ഗസ്റ്റഡ് തസ്തികയിൽ സേവനമനുഷ്ഠിച്ച് വരുന്ന ജീവനക്കാരിൽ ആരും അന്യത്ര സേവന വ്യവസ്ഥയിൽ ജോലി നോക്കുന്നില്ല.

മേൽ മറുപടിയിൽ താങ്കൾ തൃപ്തനല്ലെങ്കിൽ താങ്കൾക്ക് സാമൂഹ്യനീതി ഡയറക്ടറേറ്റ് അപ്പീൽ അധികാരിയ്ക്ക് 30 ദിവസത്തിനകം ചുവടെ ചേർത്തിട്ടുള്ള വിലാസത്തിൽ അപ്പീൽ അപേക്ഷ സമർപ്പിക്കാവുന്നതാണ്

കെ.ഗീത
അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ & അപ്പീൽ അധികാരി,
സാമൂഹ്യനീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ 5th Floor,
തിരുവനന്തപുരം.

വിശ്വസ്തതയോടെ

ഹരികുമാരൻ നായർ.എ.കെ
സീനിയർ സൂപ്രണ്ട്& സ്റ്റേറ്റ് പബ്ലികഇൻഫർമേഷൻ ഓഫീസർ
സാമൂഹ്യ നീതി ഡയറക്ടറേറ്റ്
തിരുവനന്തപുരം